" VIJAYASREE " - PALAKKAD

' Second Midterm Assesment November 2018 '

Std X　　കേരള പാഠാവലി　　Time1 Hr / Score: 20

1. പട്ടിക ക്രമപ്പെടുത്തുക (4)

| വരികൾ / സന്ദർഭം | കഥാപാത്രം | കൃതി |
|---|---|---|
| ഇതാ, ഒരു കിഴവൻ നേരം പുലരുന്നതിന് മുമ്പ് ജയിലിലേക്കുള്ള വഴി തേടുന്നു. വീണ്ടും ആരോ ചിരിച്ചു : 'കാരണവരേ, കട്ടാൽ മതി, ജയിലിലെത്തിച്ചേരാം". | പുഷ്കരൻ | ഭാരതപര്യടനം |
| "പുണ്യവും ത്രൈലോക്യ പ്രസിദ്ധവുമായ സമന്തപഞ്ചകത്തിൽക്കിടന്നു മരിക്കുകയാൽ ഞാൻ ശാശ്വതലോകങ്ങൾ നേടും". | വെള്ളായിയപ്പൻ | നളിനി |
| അരികിൽ വന്നു നിന്നതാരെ, ന്നഖിമതം? അഖിലമാശു ചൊൽക | ദിവാകരൻ | കടൽത്തിരത്ത് |
| "അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ! വിവേകികൾ" | ദുര്യോധനൻ | നളചരിതം |

2. മാതൃകനോക്കി പൂരിപ്പിക്കുക (1)

ദ്രോണന്റെ പുത്രൻ - ദ്രൗണി

.................. - വൈരസേനി

ദശരഥന്റെ പുത്രൻ - ..................

3. ഘടക പദങ്ങളാക്കുക (1)

ഗജാശ്വരഥങ്ങൾ

4. നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
അമിത്ര വീരൻമാരെ അമർക്കും വൻപടയും.
ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളൂ മുറ്റും

പുഷ്കരന്റെ ഈ വാക്കുകൾ കലിയുടെ മനസ്സിലുണ്ടാക്കിയ ചിന്തകൾ എന്തെല്ലാമായിരിക്കും? (4)

5. "അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ"

-കുമാരനാശാൻ-

"അവനവനാത്മ സുഖത്തിനാചരിക്കുന്നവ-
യപരന്നു സുഖത്തിനായ് വരേണം."

-ശ്രീനാരായണ ഗുരു-

കാവ്യഭാഗങ്ങളിലെ ജീവിത വീക്ഷണം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക (4)

6. "കാരണവർക്കു താൽപ്പര്യമുള്ളപോലെ ശവം സംസ്കരിക്കാം."
"വേണ്ട. എനിക്കു താൽപ്പര്യമില്ല."
"ശവത്തിന്റെ ചുമതല നിങ്ങൾ ഏൽക്കുന്നില്ലേ"
"യജമാനൻമാരേ, എന്റെ കൈയ്യിൽ പണമില്ല."

(കടൽത്തീരത്ത്)

കഥയിൽ നിന്നും മറ്റ് സന്ദർഭങ്ങൾ കൂടി കണ്ടെത്തി വെള്ളായിയപ്പൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്ത് കുറിപ്പ് തയ്യാറാക്കുക (6)